# കേരള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം

വിഷയം - ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ.മുരളീധരൻ.കെ.വി യുടെ സീനിയോറിറ്റി റാങ്ക് നം.പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.27/04/2013.

(2) കുറിപ്പ് നം.ഇ.ജി5-6866/2016/ആ.വ.ഡ/ തീയതി.09/02/2016.

(3) നോട്ടീസ് നം.ഇ.എസ്1-16200/2016/ആ.വ.ഡ/ തീയതി.23/04/2016.

(4) നം.എ2-8566/2016/കണ്ണൂർ ജി.മെ.ആ/ തീയതി.31/05/2016.

*ഉത്തരവ് നം.ഇ.എസ് 1-16200/2016/ആ.വ.ഡ/തീയതി.20/04/2017.*

സൂചന ഒന്ന് (1) പ്രകാരം പ്രസിദ്ധീകരിച്ച 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ റാങ്ക് പട്ടികയിൽ 436 - ാം റാങ്ക് നമ്പർ ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.മുരളീധരൻ.കെ.വിയുടെ റാങ്ക് നം. നിശ്ചയിച്ചിരിക്കുന്നത്, ടിയാൻ ഫീഡർ തസ്തികയിലെ പ്രബേഷൻ പൂർത്തീകരിക്കുന്നതിനു മുൻപാണെന്നും ആയതിനാൽ പ്രസ്തുത തീയതി ആധാരമാക്കി സീനിയോറിറ്റി പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന രണ്ട് (2) പ്രകാരം ഒരു കുറിപ്പ് ലഭിച്ചിരുന്നു.

ശ്രീ.മുരളീധരൻ.കെ.വിയുടെ സേവന രേഖകൾ പരിശോധിച്ചതിൻ പ്രകാരം ടിയാൻ 16/11/2000 വരെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചതായും 16/11/2001 തീയതി പ്രകാരം പ്രബേഷൻ പൂർത്തീകരിച്ചതായും കണ്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.മുരളീധൻ.കെ.വിയ്ക്ക് ഫീഡർ തസ്തികയിൽ പ്രബേഷൻ കാലയളവ് പൂർത്തീകരിച്ച് തീയതിയായ 16/11/2001 നുശേഷം വന്ന ഒഴിവിൽ സീനിയോറിറ്റി നൽകികൊണ്ട് റാങ്ക് നം.1061 ബി ആയി താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് സൂചന മൂന്ന് (3) പ്രകാരം പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ടി നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം ഉചിത മാർഗ്ഗേന സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സൂചന നാല് (4) പ്രകാരം, മേൽ പ്രസ്താവിച്ച നോട്ടീസിനെതിരെ ശ്രീ.മുരളീധൻ.കെ.വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, താലൂക്ക് ആശുപത്രി, തളിപ്പറമ്പ സമർപ്പിച്ച അപ്പീൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിച്ചു. ആയത് വിശദമായ് പരിശോധിച്ചു. ശ്രീ.മുരളീധൻ.കെ.വി ശൂന്യവേതന അവധി കഴിഞ്ഞ് 16/11/2000 - ൽ ആണ് സർവ്വീസിൽ

പ്രവേശിക്കുന്നത്. പ്രസ്തുത തീയതി അടിസ്ഥാനമാക്കി താഴെ പറയും പ്രകാരം റാങ്ക് നം.454 എ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | ടെക്നിക്കൽ യോഗ്യത നേടിയ വർഷം | നിലവിലുള്ള റാങ്ക് നം. | ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|
| മുരളീധരൻ.കെ.വി | 21/05/1963 | 16/11/2000 | May 2000 | 436 | 454 എ സതീഷ്കുമാർ കോലിക്കര (454) നും എം.ഐ സിറാജ് (455) നും ഇടയ്ക്ക് |

സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ഈ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഒപ്പ്)
ഡോ.എ.സമീറ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്
ശ്രീ.മുരളീധരൻ.കെ.വി
ജെ.എച്ച്.ഐ ഗ്രേഡ് 2
താലൂക്ക് ആശുപത്രി,
തളിപ്പറമ്പ്, കണ്ണൂർ ജില്ല.

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്.
3) ഇ.ജി സെക്ഷൻ.
4) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.

22/7